## പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1785

31.01.18 - ൽ മറുപടിക്ക്.

### ജീവനം-2017

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ.രാജൻ<br>ശ്രീമതി സി.കെ.ആശ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ സൂക്ഷ്മ സംരംഭമേഖലയെ ശക്തിപ്പെടുത്തുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി 'ജീവനം 2017' എന്ന പേരിൽ ക്യാമ്പയിൻ നടത്തുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) നിലവിലെ സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും ധനസഹായം ലഭ്യമാക്കുമോ; | (ബി) നിലവിലെ സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രവർത്തന മൂലധന കുറവ് പരിഹരിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട്, സാങ്കേതിക വിദ്യയും യന്ത്ര സാമഗ്രികളും വാങ്ങുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്പ്ഗ്രഡേഷൻ ഫണ്ട് എന്നിവയും പ്രവർത്തന മേഖല മെച്ചപ്പെടുത്തുന്നതിനായി രണ്ടാം ഘട്ട ധനസഹായവും നൽകി വരുന്നു. ഇതിനുപുറമെ നൂതന സംരംഭക വികസനത്തിനായി ഇന്നവേഷൻ ഫണ്ടും പ്രത്യേക കാരണങ്ങളാൽ സംരംഭ രൂപീകരണത്തിന് ആവശ്യമായ സാമ്പത്തികം ലഭ്യമല്ലായെങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്റ്റാർട്ട് അപ്പ് ഫണ്ടും ലഭ്യമാക്കുന്നുണ്ട്. പുറമെ, ആർഎംഇ/യുവശ്രീ പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശ സബ്സിഡിയും തീരദേശ സംരംഭ വികസനത്തിനായി കോസ്റ്റൽ എം ഇ പദ്ധതി പ്രകാരം മൂലധന സബ്സിഡിയും നൽകുന്നുണ്ട്. |
| (സി) മാർക്കറ്റിംഗിനും വിപണനത്തിനുമായി എന്തൊക്കെ പുതിയ പരിപാടികൾ നടത്താനാണ് പ്രസ്തുത ക്യാമ്പയിനിലൂടെ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) മാർക്കറ്റിംഗിനും വിപണനത്തിനുമായി പുതിയ പരിപാടികൾ ജീവനം ക്യാമ്പയിനിൽ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ